## ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

പുറപ്പെടുവിക്കുന്നത് : ഡോ.അമിത് മല്ലിക്, ഐ.എഫ്.എസ്

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - ഡ്രൈവർമാരുടെ 01.01.2014 തീയതി കണക്കാക്കിയുള്ള സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1. ഈ ഓഫീസിലെ 06.03.2015-ലെ ഇ2-6769/14 നമ്പർ ഉത്തരവ്.
2. തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 09.05.2017-ലെ ഇ1-1604/17 നമ്പർ കത്ത്.
3. കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.02.2018-ലെ ഇ1-118/15 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ2-6769/2014 തീയതി: 12.03.2018**

കേരള വനം വകുപ്പിൽ ജോലി നോക്കിവരുന്ന ഡ്രൈവർമാരുടെ 01.01.2014 തീയതി കണക്കാക്കിയുള്ള സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി സീനിയോരിറ്റി ലിസ്റ്റിൽ പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിൽ ഡ്രൈവർ ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ഡി.ഷംനാദ് മാങ്കുളം ഡിവിഷനിലെ ഫോറസ്റ്റ് ഡ്രൈവർ ശ്രീ.ജിനേഷ്.കെ.ബി. എന്നിവരുടെ പേര് ഉൾപ്പെടുത്തുന്നതിലേക്കായി സൂചന (2), (3) പ്രകാരം ടിയാന്മാരുടെ സർവ്വീസ് വിവരങ്ങൾ ഈ ഓഫീസിൽ ലഭിച്ചിരുന്നു. ടി രേഖകൾ പരിശോധിച്ചതിൽ ശ്രീ.ഡി.ഷംനാദിന്റെ സ്ഥാനം 01.01.2014 പ്രാബല്യത്തിലെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ. 200 ശ്രീ.പ്രകാശൻ.എം.-നും ക്രമനമ്പർ 201 ശ്രീ.വർഗ്ഗീസ് നാടാർ.കെ.യ്ക്കുമിടയിൽ ക്രമനമ്പർ 200 A ആയും, ശ്രീ.ജിനേഷ്.കെ.ബിയുടെ സ്ഥാനം ക്രമനമ്പർ 217 ശ്രീ.പ്രതാപ്.കെ.ആറിനും ക്രമനമ്പർ 218 ശ്രീ.സമീർ.റ്റി.യ്ക്കുമിടയിൽ 217 A ആയും നിശ്ചയിക്കുവാൻ അർഹതയുള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.ഡി.ഷംനാദിന്റെ സ്ഥാനം ക്രമനമ്പർ 200 A ആയും ശ്രീ.ജിനേഷ്.കെ.ബി.യുടെ സ്ഥാനം ക്രമനമ്പർ 217 A ആയും ചേർക്കുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽ പറയും പ്രകാരം സീനിയോരിറ്റി പുനഃക്രമീകരിക്കുന്നതിൽ ആക്ഷേപമുള്ളവർ ഈ ഉത്തരവ് വനം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ബന്ധപ്പെട്ട മേലധികാരികൾ വഴി അപ്പീൽ സമർപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞുള്ള അപ്പീലുകൾ പരിഗണിക്കുന്നതല്ല. സമയപരിധിക്കകം അപ്പീലുകൾ ഒന്നും ലഭിച്ചിട്ടില്ലായെങ്കിൽ മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ്:

1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
2. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/വൈൽഡ്‌ലൈഫ് വാർഡൻമാർക്കും.
3. വനം വകുപ്പ് വെബ്സൈറ്റിൽ.
4. സ്റ്റോക്ക് ഫയൽ/സ്പെയർ.